## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 134

06.03.2018 - ൽ മറുപടിക്ക്

## കാർഷിക മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിലും വിപണനത്തിലും കുടുംബശ്രീ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. പി. കെ. ശശി<br>ശ്രീ. മുരളി പെരുനെല്ലി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ നയങ്ങൾ കൊണ്ട് ഗ്രാമസമ്പദ് വ്യവസ്ഥ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനായി, കാർഷിക മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനുമായി പതിനായിരക്കണക്കിന് സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതും, വലിയ മുതൽ മുടക്കോ പരിസ്ഥിതി പ്രശ്നങ്ങളോ ഉണ്ടാക്കാത്തവയുമായ കുടിൽ വ്യവസായങ്ങളും സൂക്ഷ്മ വ്യവസായങ്ങളും തുടങ്ങാൻ കുടുംബശ്രീ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) സൂക്ഷ്മ സംരംഭങ്ങളുടെ ഭാഗമായി 3000 ത്തോളം ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 880 ഫ്ളോർ യൂണിറ്റുകൾ, 1397 സ്നാക്സ് യൂണിറ്റുകൾ, 650 മറ്റ് ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ എന്നിവയാണ് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇതുവഴി പതിനായിരത്തിലധികം സ്ത്രീകൾക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കുടുംബശ്രീയുടെ ആഴ്ച ചന്തകളിലൂടെയും മാസ ചന്തകളിലൂടെയും മറ്റ് ഫെയറുകളിലൂടെയും വിറ്റഴിക്കുന്നുണ്ട്. ഇവ കൂടാതെ കുടുംബശ്രീയുടെ നേതൃത്വത്തിൽ നെല്ല് സംസ്കരണ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കാർഷിക രംഗത്തെ മൂല്യവർദ്ധന പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വരുന്ന വർഷം ഏത്തക്കയിൽ നിന്നുള്ള മൂല്യവർദ്ധന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം 14 ജില്ലകളിലുമായി 17 ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ കാർഷിക വിളകളുടെ മൂല്യവർദ്ധനം പ്രായോഗിക തലത്തിൽ എത്തിക്കുന്നതിന് സാധിക്കും. |

| | |
|---|---|
| (ബി) മദ്ധ്യപൂർവേഷ്യൻ രാജ്യങ്ങളുൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ വിപണനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഉല്പന്നങ്ങൾക്കുണ്ടാകേണ്ട അന്താരാഷ്ട്ര മാനദണ്ഡ പ്രകാരമുള്ള നിലവാരം പാലിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണ്; | (ബി) ഉണ്ട്; 'കമോൺ കേരള' എന്ന പരിപാടിയുടെ ഭാഗമായി ഷാർജ ഫെസ്റ്റിൽ കഫേ യൂണിറ്റുകളെ പങ്കെടുപ്പിക്കാനും കൊമേഴ്സ്യൽ സ്റ്റാൾ ഒരുക്കുന്നതിനും ആയതിലൂടെ നിരവധി വിപണന സാധ്യതകളെക്കുറിച്ച് ചർച്ചകൾ നടത്താനും സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾ യു.എ.ഇ. മാർക്കറ്റിൽ വിപണനം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യപടിയായി, തെരഞ്ഞെടുക്കപ്പെട്ട ഉത്പന്നങ്ങളുടെ ഗുണനിലവാരവും പാക്കിംഗും മെച്ചപ്പെടുത്തുവാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനും ക്രമേണ വിപണനത്തിലേയ്ക്ക് കടക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംരംഭകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. കൊല്ലത്തെ കെഎസ്ഐഡി യുമായി സഹകരിച്ചാണ് പാക്കിംഗും ലേബലിംഗും മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (സി) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുമായി ചേർന്ന് കർഷക മിനി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ? | (സി) ഇല്ല; ബ്രഹ്മഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുമായി ചേർന്ന് ബ്രഹ്മഗിരിയുടെ വിവിധ ഔട്ട് ലെറ്റുകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ധാരണയിലെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ